ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എൻ.പി.എസ്.-ൽ ജീവനക്കാരിൽനിന്നും ശേഖരിച്ച തുകയ്ക്ക് തുല്യമായ മാച്ചിംഗ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 4-6-2015 വരെ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് 60.90 കോടി രൂപ ഒടുക്കിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്രസർക്കാരിലെ 5(88)2006 പി.ആർ. നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്.

ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടുള്ള പണിമുടക്ക് നോട്ടീസ്

14 (2828) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശമ്പളപരിഷ്കരണം അടിയന്തരമായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് വിവിധ സർവ്വീസ് സംഘടനകൾ അനിശ്ചിതകാല പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ ; പണിമുടക്ക് ഉണ്ടാകാതിരിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. ശമ്പള പരിഷ്കരണ റിപ്പോർട്ട് 10-7-2015-ന് തന്നെ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

15 (2829) ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിന് ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഘട്ടങ്ങളിൽ ജില്ലയിൽ ചികിത്സാ സഹായ ഇനത്തിൽ എത്ര തുക അനുവദിച്ചിരുന്നു ; പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ ;

(സി) ജില്ലയിൽ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ നടത്തിയ പുതിയ പദ്ധതി പ്രഖ്യാപനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് നീക്കി വച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഫണ്ട് ഏതു തരത്തിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച എല്ലാ അപേക്ഷകളിലും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(ബി) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ ചികിത്സാസഹായമായി അനുവദിച്ച 1,51,43,100 രൂപയും രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ അനുവദിച്ച 8,55,43,500 രൂപയും പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്.

(സി&ഡി) ജില്ലയിൽ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് :

1. ശാസ്താംകോട്ട സംരക്ഷണത്തിന് പ്രത്യേക പദ്ധതി
2. സുനാമി ബാധിത ആലപ്പാടിന് പാക്കേജ്,
3. തെന്മല-അഷ്ടമുടി-തങ്കശ്ശേരി ബീച്ച് ടൂറിസം സർക്യൂട്ട്
4. കോടതി സമുച്ചയത്തിന് സ്ഥലം ഏറ്റെടുക്കുക
5. കേന്ദ്രീയ വിദ്യാലയത്തിന് കൊട്ടാരക്കരയിൽ 5 ഏക്കർ
6. പുള്ളിക്കട കോളനി റെയിൽവേ തർക്കം പരിഹരിക്കൽ
7. പാരിപ്പള്ളി മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ
8. കശുവണ്ടി ഫാക്ടറി തുറക്കാൻ നടപടി
9. കയർ മത്സ്യമേഖലയ്ക്ക് പ്രത്യേക പദ്ധതി
10. ആലപ്പാടിന് 21 കോടി രൂപയുടെ പ്രത്യേക പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly